**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3774** **27-10-2021 - ൽ മറുപടിയ്ക്ക്**

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്ക് എല്ലാ വർഷവും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് പരീക്ഷ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസർ [ജൂനിയർ ടൈം സ്കെയിൽ] ട്രെയിനീ എന്ന തസ്തികയിലെ കേഡർ സ്ട്രെങ്ത് 105 ആയിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. ഈ ഒഴിവുകളിലെ നിയമനത്തിനായുള്ള അന്തിമ റാങ്ക് പട്ടിക പി.എസ്.സി പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമന ശിപാർശയ്ക്കുള്ള നടപടി പുരോഗമിച്ചുവരുന്നു. ആയതിലേക്ക് നിയമനം നടത്തിയശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തുവാൻ മാത്രമേ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ശിപാർശ ചെയ്യുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | സിവിൽ സർവീസിലേക്ക് ആളുകളെ ആകർഷിക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (ബി) | പൊതുജനങ്ങളുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ അനുഭവപരിചയം നേടി പ്രവർത്തിക്കാനുള്ള അവസരവും സർക്കാരിന്റെ ദൈനംദിന പ്രവർത്തനവുമായി ബന്ധപ്പെട്ടും സർക്കാരിന്റെ നയരൂപീകരണത്തിനായി ക്രിയാത്മകമായി പ്രവർത്തിക്കാനുള്ള അവസരം ഉറപ്പുവരുത്തുന്നു. ഭാവിയിൽ മികച്ച ഉദ്യോഗസ്ഥർ ഐ.എ.എസിലേക്ക് തെരഞ്ഞെടുക്കപ്പെടാനുള്ള സാദ്ധ്യതയുമുണ്ട്. |

സെക്ഷൻ ഓഫീസർ